# പിന്നോട്ടൊരുവട്ടം കൂടി

ഒരു കുഞ്ഞു കാറ്റായി കനലായി ഞാൻ
ഓർമ്മതൻ തണലിനായി പുറകോട്ട് നോക്കി
വേദന തിങ്ങുന്ന പൂർവ്വകാലം
പുഞ്ചിരിതൂകുന്ന ബാല്യകാലം
പഠിപ്പിന്റെ വേദന അന്നെന്റ മുറിവായി
വേർപാടിൻ വേദന ഇന്നെന്റ നൊമ്പരം
കൂടെ പഠിപ്പിച്ചവർ കൂടെ കളിച്ചവർ,
അന്നെന്റെ ബാല്യത്തെ താങ്ങിനിർത്തി
ഇന്നെന്റെ ഓർമ്മയെ ഇളക്കിടുന്നു.
ഏവരുമൊന്നിച്ചു കാട്ടിയ വികൃതികൾ
ഗുരുതന്റെ മുൻപിലായി ഒന്നിച്ചൊളിച്ചു
അങ്ങോട്ടുമിങ്ങോട്ടും പുന്ച രിതൂകി
ബാല്യത്തിൻ സൗഹൃദപ്പെരുമയ്ക്കുമപ്പുറം.
സ്വന്തമെന്നോർത്തു ഞാനാ പിൻബെഞ്ചുകാരിയെ
അഛനെ പറ്റിയ നാണയത്തുട്ടിനാൽ
മിഠായി ഞാനവൾക്കേറെ നൽകി
മിഠായി ഞാനവൾക്കേറെ നൽകി
മനസ്സുമറക്കുവാൻ ശ്രമിക്കുമോരോർമ്മകൾ
ഇന്നലെ കഴിഞ്ഞപോലോർമ്മകൾ നൊമ്പരം.
ഈ വിരഹ ദുഃഖത്തിനടിത്തറ മാന്തി
എന്തിനവരന്റെ ഓർമ്മയിൽ വീണ്ടും
വീണ്ടും വാരിവിതറുന്ന നൊമ്പരങ്ങൾ.
നോമ്പരപ്പൂവുകൾ പലതുള്ള പൂർവ്വകാലം,
വെയിലേറ്റു തത്തികളിച്ച ബാല്യകാലം.
ശിശിരത്തിലിലകൾ പറിച്ചെറിയുംപോലെ,
കൂടെ കളിച്ചവർ കൂടെ പഠിച്ചവർ
എന്നെയും മറവിതൻ ചാക്കിലേറ്റിയവർ.
വേർപാടിൻ നൊമ്പരവേദന തന്നു
ഒരു നാളിൽ ഞാനും തിരിഞ്ഞുനോക്കി
ഒരു കുഞ്ഞുകാറ്റായി കനലായി ഞാൻ
ഓർമ്മതൻ തണലിനായി പുറകോട്ട് നോക്കി..................

ഷിബു മാണി കാവുംമ്പുറത്ത്
പൂർവ്വവിദ്യാർത്ഥി